# വീണ്ടെടുക്കാം വിളനിലങ്ങൾ

---


**Que.1. ഒരു കർഷകൻ തന്റെ കൃഷിയിടത്തിൽ ജൈവവളത്തോടൊപ്പം ജനുവരി മുതൽ ജൂൺ വരെയുള്ള കാലയളവിൽ** **[Marks :(3)]**

**Pഎന്ന വളവും ജൂലൈ മുതൽ ഡിസംബർ വരെയുള്ള കാലയളവിൽ Q വളവും ഉപയോഗിക്കുന്നു. ഈ**

**കാലയളവുകളിൽ വളപ്രയോഗം മൂലം മണ്ണിലെ സൂക്ഷ്മ ജീവികളുടെ എണ്ണത്തിലുണ്ടായ**

**വ്യത്യാസം ഗ്രാഫായി നൽകിയിരിക്കുന്നു.ഗ്രാഫ് വിശകലനം ചെയ്ത് ചുവടെ നൽകിയിട്ടുള്ള ചോദ്യങ്ങൾക്ക്**

**ഉത്തരം എഴുതുക.**




**a. P,Qഎന്നിവ ഏതുതരം വളങ്ങളെ സൂചിപ്പിക്കുന്നു.?**

**b. Qവിന്റെ അമിത ഉപയോഗം മണ്ണിന്റെ സ്വാഭാവിക ഫലപുഷ്ടിയെ ബാധിക്കുന്നതെങ്ങനെ?**

**c. നിങ്ങൾക്ക് ഈ കർഷകന് നൽകാവുന്ന പ്രായോഗിക നിർദ്ദേശങ്ങൾ എന്തെല്ലാം ?**

**Ans.** a) P-ജീവാണു വളം

Q-രാസവളം

(b)മണ്ണിന്റെ ഫലപുഷ്ടിയെ ബാധിക്കും , മണ്ണിലെ സൂക്ഷ്മജീവികൾ നശിക്കും. ആരോഗ്യപ്രശ്നങ്ങളുണ്ടാക്കും ( ഏതെങ്കിലും ഒന്ന്)

**Que.2. ഒറ്റപ്പെട്ടത് ഏത്. മറ്റുള്ളവയുടെ പൊതു സവിശേഷത എന്ത്?**

**മസ്കവി, അതുല്യ, ചാര, ചെമ്പല്ലി** **[Marks :(1)]**

**Ans.** അതുല്യ,മറ്റുള്ളവ താറാവ് ഇനങ്ങൾ

**Que.3. വിട്ടുപോയ പദംപൂരിപ്പിക്കുക.** **[Marks :(1)]**

**മെല്ലിഫറ : എപ്പി കൾച്ചർ**

**വൈറ്റ് ജയന്റ് : ................**

**Ans.** ക്യൂണി കൾച്ചർ

**Que.4. വിട്ടുപോയ പദം പൂരിപ്പിയ്ക്കുക.** **[Marks :(1)]**

**നീലിരവി : എരുമ**

**ബോയർ :....................**

**Ans.** ആട്

**Que.5. താഴെ തന്നിരിക്കുന്ന പ്രസ്താവനകൾ വിലയിരുത്തി ശരിയായ ഉത്തരം തെരഞ്ഞെടുത്ത് എഴുതുക.** **[Marks :(1)]**

**1.ക്യൂണികൾച്ചർ ശാസ്ത്രീയ കൂൺ വളർത്തൽ രീതിയാണ്.**

**2. മെല്ലിഫെറ എപ്പി കൾച്ചറുമായി ബന്ധപ്പെട്ടിരിക്കുന്നു.**

**3. പട്ടുനൂൽപ്പുഴു വളർത്തലിനെ ഹോർട്ടികൾച്ചർ എന്നുപറയുന്നു.**

**a.1,2എന്നിവ ശരി b.2മാത്രം ശരി c.1മാത്രം ശരി d.1,2,3എന്നിവ ശരി**

**Ans.** (b) 2 മാത്രം ശരി

**Que.6. താഴെ തന്നിട്ടുള്ള പ്രസ്താവനകൾ വിലയിരുത്തി ശരിയായ ഉത്തരം തിരഞ്ഞെടുത്തത് എഴുതുക.** **[Marks :(1)]**

**i. പോളിഹൗസ് ഫാമിങ്ങിൽ മണ്ണിനെ പോളിത്തീൻ ഷീറ്റ് ഉപയോഗിച്ച് പൊതിയുന്നു.**

**ii. മണ്ണ് ഇല്ലാത്ത കൃഷിരീതിക്ക് ഉദാഹരണമാണ് എയ്റോപോണിക്സ്**

**iii. പോളി ഹൗസിനുള്ളിൽ താപനിലയും ഈർപ്പവും സ്ഥിരമായി ക്രമീകരിക്കപ്പെടുന്നു.**

**a. i മാത്രം ശരി b. i,iiഎന്നിവ ശരി c. ii, iii എന്നിവ ശരി d. iii മാത്രം ശരി**

**Ans.** (c) ii,iiiഎന്നിവ ശരി

**Que.7. കാർഷിക മേഖലയിലെ ഇടനിലക്കാരുടെ ചൂഷണം പരിഹരിക്കാൻ താഴെപ്പറയുന്നവയിൽ ഏത് മാർഗം പ്രയോജനപ്പെടുത്താം. [Marks :(1)]**

**a. കർഷകന്റെ രീതി ശാസ്ത്രീയമാവണം.**

**b. ഹൈടെക് കൃഷിരീതികൾ അവലംബിക്കണം**

**c. കർഷക കൂട്ടായ്മകൾ രൂപീകരിക്കണം**

**d. സംയോജിത കീടനിയന്ത്രണ മാർഗ്ഗങ്ങൾ നടപ്പിലാക്കണം**

**Ans.** c) കർഷക കൂട്ടായ്മകൾ രൂപീകരിക്കുക

**Que.8. കോലൻ, ഞൊടിയൻ എന്നിവ ഏതു വിഭാഗം ജീവികളാണ്? ഇവയുടെ ശാസ്ത്രീയ പരിപാലന രീതിയുടെ പേരെന്ത്? [Marks :(1)]**

**Ans.** തേനീച്ച, എപ്പികൾച്ചർ

**Que.9. നൽകിയിട്ടുള്ള പ്രസ്താവനകൾ അപഗ്രഥിച്ച് കീടനിയന്ത്രണ മാർഗം ഏതെന്നു കണ്ടെത്തി എഴുതുക.? [Marks :(1)]**

**രാസകീടനാശിനികളുടെ ഉപയോഗം കുറവ്**

**ജൈവ കീടനാശിനി, മിത്രകീടങ്ങൾ എന്നിവയുടെ പരമാവധി ഉപയോഗം**

**യാന്ത്രിക കീടനിയന്ത്രണ മാർഗ്ഗങ്ങൾ അവലംബിക്കുന്നു**

**Ans.** സംയോജിത കീടനിയന്ത്രണ മാർഗ്ഗം

**Que.10. താഴെതന്നിരിക്കുന്നവയിൽ കാർഷികരംഗത്തെ ഇടനിലക്കാരുടെ ചൂഷണം, ഉൽപന്നങ്ങളുടെ [Marks :(1)]**

**വിലയിടിവ് എന്നീ വെല്ലുവിളികൾ നേരിടാൻ ഉതകുന്ന രണ്ട് മാർഗങ്ങൾ ഏവ?**

**a. മട്ടുപ്പാവിലെ കൃഷി b. ഓൺലൈൻ കൂട്ടായ്മ c. കാർഷിക കൂട്ടായ്മ d. ഹൈഡ്രോപോണിക്സ്**

**Ans.** (b)ഓൺലൈൻ കൂട്ടായ്മ

(c)കർഷക കൂട്ടായ്മ

**Que.11. പത്രവാർത്ത നിരീക്ഷിച്ച് ചുവടെ നൽകിയിട്ടുള്ള ചോദ്യത്തിന് ഉത്തരം എഴുതുക. [Marks :(2)]**

**"കേരളത്തിൽ ഓണക്കാലത്തേക്ക് ആവശ്യമായ പഴങ്ങൾ പച്ചക്കറികൾ എന്നിവ തമിഴ്നാട്ടിൽ നിന്നും എത്തി തുടങ്ങി.....".**

**പത്രവാർത്തയിൽ പരാമർശിച്ച വസ്തുതയിലേക്ക് നയിച്ച ഏതെങ്കിലും**

**രണ്ട് കാരണങ്ങൾ എഴുതുക.**

**Ans.** കാർഷികമേഖലയിലെ ഏതെങ്കിലും രണ്ട് മാറ്റങ്ങൾ

**Que.12. താഴെ തന്നിരിക്കുന്നവയിൽ ശരിയായ ജോഡി കണ്ടെത്തി എഴുതുക. [Marks :(2)]**

**a. ടസർ പട്ടുനൂൽപുഴു - സെറികൾച്ചർ**

**b. ചിപ്പിക്കൂൺ - എപ്പികൾച്ചർ**

**c. കരിമീൻ - ഫ്ളോറികൾച്ചർ**

**d. ആപ്പിൾ – ഹോർട്ടികൾച്ചർ**

**Ans.** (a) ടസർ പട്ടുനൂൽപ്പുഴു - സെറികൾച്ചർ

(d) ആപ്പിൾ - ഹോർട്ടി കൾച്ചർ

**Que.13. താഴെ തന്നിരിക്കുന്നവയിൽ ശരിയായ ജോഡി കണ്ടെത്തി എഴുതുക. [Marks :(2)]**

**a. ജഴ്സി - ആട്**

**b. അങ്കോറ - മുയൽ**

**c. കോലൻ - തേനീച്ച**

**d. ബദാവരി – പശു**

**Ans.** (b) അങ്കോറ - മുയൽ

(c) കോലൻ – തേനീച്ച

**Que.14. രണ്ട് കർഷകർ അനുഭവിക്കുന്ന ഓരോ കാർഷിക പ്രശ്നങ്ങൾ ചുവടെ നൽകിയിരിക്കുന്നു. അവക്കുള്ള ഓരോ പരിഹാര മാർഗ്ഗങ്ങൾ നിർദ്ദേശിക്കുക. [Marks :(2)]**

**കർഷകൻ A - കൃഷിചെയ്യാനുള്ള സ്ഥലം പരിമിതി**

**കർഷകൻ B - ജോലിത്തിരക്ക് കാരണം കൃഷി ചെയ്യാനുള്ള സമയക്കുറവ്**

**Ans.** കർഷകൻ A- മട്ടുപ്പാവിലെ കൃഷി /ഗ്രോബാഗിലെ കൃഷി/വെർട്ടിക്കൽ ഫാമിങ്/ അനുയോജ്യമായ മറ്റെന്തെങ്കിലും

(ഇവയിൽ ഏതെങ്കിലും ഒന്ന് )

കർഷകൻ B- സൺഡേ ഫാമിങ് /കുടുംബ കൃഷി /അനുയോജ്യമായ മറ്റെന്തെങ്കിലും

(ഇവയിൽ ഏതെങ്കിലും ഒന്ന് )

**Que.15. താഴെപ്പറയുന്ന പ്രസ്താവനകളിൽ അടിവരയിട്ട ഭാഗത്ത് തെറ്റുണ്ടെങ്കിൽ തിരുത്തി എഴുതുക. [Marks :(2)]**

**a. റൈസോബിയം, അസറ്റോ ബാക്ടർ എന്നിവ ജൈവവളത്തിന് ഉദാഹരണമാണ്.**

**b. ശാസ്ത്രീയമായ പട്ടുനൂൽപ്പുഴു വളർത്തൽ സെറികൾച്ചർ എന്നു പറയുന്നു.**

**c.ഹോൾസ്റ്റീൻ ഫ്രീഷ്യൻ , ബോയർ എന്നിവ അത്യുല്പാദനശേഷിയുള്ള എരുമ ഇനങ്ങളാണ്**

**Ans.** (a)ജീവാണുവളം

(c)പശു

**Que.16. ഒരേക്കർ സ്ഥലത്ത് നെൽകൃഷി നടത്തിയിരുന്ന ഒരു കർഷകന് കഴിഞ്ഞവർഷം ഉത്പാദന ചെലവിനത്തിൽ [Marks :(2)]**

**വൻ സാമ്പത്തിക നഷ്ടം ഉണ്ടായി. സുസ്ഥിര കൃഷിയിലൂടെ കൃഷി ആദായകരമാക്കാൻ അദ്ദേഹത്തിനു നൽകാവുന്ന**

**ഏതെങ്കിലും രണ്ട് നിർദ്ദേശങ്ങൾ എഴുതുക.**

**Ans.** സംയോജിത കൃഷി

ഭക്ഷ്യവിളകൾക്ക് മുൻഗണന നൽകൽ

നാടൻ ഇനങ്ങളെ ഉപയോഗിക്കൽ

(ഇവയിൽ ഏതെങ്കിലും രണ്ടെണ്ണം )

**Que.17. "അത്യുൽപാദനശേഷിയുള്ള നാടൻ ഇനങ്ങളിൽ നിന്നു മാത്രമേ ഗുണമേന്മയുള്ള പുതിയ ഇനങ്ങൾ [Marks :(2)]**

**വികസിപ്പിച്ചെടുക്കാനാവൂ".ഒരു കൃഷി ഓഫീസറുടെ അഭിപ്രായമാണ് മുകളിൽ നൽകിയിരിക്കുന്നത്.**

**അദ്ദേഹത്തിന്റെ ഈ അഭിപ്രായത്തോട് നിങ്ങൾ യോജിക്കുന്നുണ്ടോ? എന്തുകൊണ്ട് ?**

**Ans.** ഉണ്ട്

നാടൻ ഇനങ്ങൾക്ക് ഉയർന്ന രോഗപ്രതിരോധ ശേഷി, കുറഞ്ഞ പരിചരണച്ചെലവ്, ഉയർന്ന

പോഷകമൂല്യം,കാലാവസ്ഥാ വ്യതിയാനങ്ങളെ അതിജീവിക്കാനുള്ള കഴിവ് എന്നിവയുണ്ട്

(ഇവയിൽ ഏതെങ്കിലും രണ്ടെണ്ണം )

**Que.18. വളക്കൂറുള്ള മണ്ണ് കൃഷിയുടെ അടിസ്ഥാനം. മണ്ണില്ലാതെ കൃഷിചെയ്യുക അസാധ്യം. [Marks :(2)]**

**ഈ പ്രസ്താവന വിലയിരുത്തി നിങ്ങളുടെ അഭിപ്രായം ഉദാഹരണസഹിതം വിശദീകരിക്കുക.**

**Ans.** മണ്ണില്ലാതെയും കൃഷി ചെയ്യാം. ഉദാഹരണത്തിന് ഹൈഡ്രോപോണിക്സ്-ചെടികളെ പോഷക ലായനിയിൽ വളർത്തുന്നു

എയ്റോപോണിക്സ് -വേരുകൾ വായുവിലേക്ക് വളർന്നിറങ്ങുന്ന രീതിയിൽ സസ്യങ്ങളെ വളർത്തി പോഷകങ്ങൾ വേരിലേക്ക് സ്പ്രേ ചെയ്യുന്നു.

**Que.19. 'മുഴുവൻ കീടങ്ങളേയും കൊന്നൊടുക്കുക എന്നതിനുപകരം കീടങ്ങളുടെ പെരുകൽ തടയുന്നു.' [Marks :(3)]**

**ഒരു കീടനിയന്ത്രണരീതിയെപ്പറ്റിയുള്ള പ്രസ്താവനയാണിത്.**

**a. ഏതാണ് ഈ കീടനിയന്ത്രണ രീതി?**

**b. ഈ രീതിയുടെ മറ്റേതെങ്കിലും രണ്ട് പ്രത്യേകതകൾ എഴുതുക?**

**Ans.** a)സംയോജിത കീട നിയന്ത്രണം

(b)രാസകീടനാശിനി പ്രയോഗം തീരെ ഇല്ല /ജൈവ കീടനാശിനികൾ ഉപയോഗിക്കുന്നു /

മിത്രകീടങ്ങൾ യാന്ത്രിക കീടനിയന്ത്രണം ഇവ കൂടുതൽ (ഇവയിൽ ഏതെങ്കിലും രണ്ടെണ്ണം )

**Que.20. കറ്റാർവാഴ, തുളസി, ആടലോടകം, കുറുന്തോട്ടി, കൂവളം[Marks :(2)]**

**a. മുകളിൽ നൽകിയിരിക്കുന്ന സസ്യങ്ങളുമായി ബന്ധപ്പെട്ട ഭാരതീയ ചികിത്സാ രീതി ഏത് ?**

**b. ഇത്തരം സസ്യങ്ങളുടെ കൃഷി പ്രത്യേക പ്രാധാന്യമർഹിക്കുന്നു. എന്തുകൊണ്ട്?**

**Ans.** a)ആയുർവേദം

(b)ആയുർവേദത്തിന്റെ പ്രചാരം വർധിച്ചു

ഔഷധ സസ്യങ്ങളുടെ സ്വാഭാവിക ആവാസങ്ങൾ നാശോന്മുഖമായി.